**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1903** **29-07-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണമേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ലോക്ഡൗണും ഇന്ധന വിലവർദ്ധനയും നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റവും നിർമ്മാണമേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വിലകൂടുന്നതു കാരണം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 വ്യാപനം ഈ പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്തു. സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള സിമന്റ് ഫാക്ടറികൾ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്താണ്. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി തയ്യാറാക്കുന്നുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണയ ത്തിൽ ഇടപെടാൻ സർക്കാരിനു സാധിക്കും. എന്നിരുന്നാലും സർക്കാർ സിമന്റ്/സ്റ്റീൽ ഉല്പാദകരുടെ യോഗം 01/06/2021-ൽ വിളിച്ചിരുന്നു. അതിനുശേഷം ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി ഗണ്യമായ കുറവ് വിലയിൽ വരുത്തണമെന്ന് ആവശ്യ പ്പെട്ടിട്ടുണ്ട്. ഒരു താത്കാലിക ആശ്വാസമെന്ന നിലയിൽ മലബാർ സിമന്റ്സിനോട് നിലവിലെ വിൽപ്പന വിലയിൽ 5 രൂപ കുറച്ച് വിൽക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലവിൽ വന്ന ലോക്ക്ഡൗൺ സമസ്ത മേഖലകളെയും കൂടാതെ ധാതുഖനനം ചരക്കുകടത്ത് എന്നിവയെയും ബാധിക്കുകയും തത്ഫല മായി ഉണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ |

| | | | |
|---|---|---|---|
| | | | നടപടിയായിട്ടുണ്ട്. നിർമ്മാണ സാമ ഗ്രികൾക്ക് ചരക്ക് ഗതാഗത തടസ്സം വരാതെയിരിക്കാനും കടകൾ ഭാഗിക മായി തുറക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് വ്യാപന ത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണമേഖലയിലുണ്ടാകുന്ന ബുദ്ധി മുട്ടുകളെയും മറികടക്കുന്നതിന് ടി കാലയളവിലുണ്ടായിരുന്ന ഖനനാനു മതിയുടെ കാലാവധി സർക്കാർ ഒരു വർഷം കൂടി ദീർഘിപ്പിച്ചു. പ്രാദേശിക തലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ